പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1257 15-10-2026-ൽ മറുപടിയ്ക്ക്

വരന്തരപ്പിള്ളി ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. കെ. രാമചന്ദ്രൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഐ.സി.സി. ഇംഗ്ലീഷ് മീഡീയം സ്കൂളിന് എൻ.ഒ.സി. ലഭിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

മറുപടി: അപേക്ഷയിൽ അപാകത കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് പുന:സമർപ്പിക്കുന്നതിലേക്കായി പ്രസ്തുത അപേക്ഷ മടക്കി നൽകി. അപാകതകൾ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിക്കപ്പെട്ടിട്ടില്ല.

(സി) സ്വന്തം ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും ഇരുപത് വർഷമായി സി.ബി.എസ്.സി. സിലബസ്സിൽ പ്രവർത്തിച്ചു വരുന്നതുമായ ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അപേക്ഷ പരിഗണിച്ച് എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: അപാകതകൾ പരിഹരിച്ച് അപേക്ഷ ലഭ്യമാക്കുന്ന മുറക്ക് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ